തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക

1160 [1739]. ശ്രീ. ലോലപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-12-1985-ലെ 13967/ബി2/85/എൽ.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക നിശ്ചയിക്കുന്നത് സംബന്ധിച്ച് നൽകിയ നിർദേശങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് എത്തെല്ലാം പഞ്ചായത്തുകൾ വാടക നിശ്ചയിച്ചു ;

(സി) ഇക്കാര്യത്തിൽ വേണ്ടതായ വിവരങ്ങൾ റവന്യൂ വകുപ്പിൽനിന്നും ആർ.സി.സി. യിൽ നിന്നും പഞ്ചായത്തുകൾക്ക് നൽകാത്തതുകൊണ്ട് വാടക നിശ്ചയിക്കാൻ കാലതാമസവും പഞ്ചായത്തുകൾക്ക് വാടകയിനത്തിൽ നഷ്ടവും വരുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 28-12-1985-ലെ 13967/ബി2/85/എൽ. എ. ഡി. ഉത്തരവിന്റെ പകർപ്പ് താഴെ കാണിക്കുന്നു.†

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി) ഇല്ല.

II. അടിയന്തിരപ്രമേയം

കേരള യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫല പ്രഖ്യാപനത്തിൽ വന്നിട്ടുള്ള ക്രമക്കേടുകൾ

മി. സ്പീക്കർ : കേരള സർവ്വകലാശാല 1986-ൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയിൽ പരാജയപ്പെട്ടതായി പ്രഖ്യാപിച്ച 5,826 വിദ്യാർത്ഥികൾ വിജയിച്ചിരിക്കുന്നു. പരീക്ഷാഫലം തയ്യാറാക്കുന്നതിൽ അതിഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ഈ സാഹചര്യംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.കെ. നായനാർ, കെ. പി. പ്രഭാകരൻ, എ സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ, എം.വി. രാഘവൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഈ അടിയന്തിര പ്രമേയത്തിന്റെ നോട്ടീസിൽ പറയുന്നത് 5826 വിദ്യാർത്ഥികളുടെ പരീക്ഷാഫലം പുനഃപരിശോധനയിൽ തെറ്റുകാണുന്നു, തോറ്റ വിദ്യാർത്ഥികൾ വിജയിക്കുകയും ചെയ്തിരിക്കുന്നുവെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly